# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 6, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |
| പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

## മുല്ലപ്പെരിയാർ ഡാം

*511 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
'' പി.കെ. ബഷീർ
,, എം. ഉമ്മർ
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിലെ ഡാമിന് അപകടമുണ്ടായാൽ സംസ്ഥാനം നേരിടേണ്ടി വരുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത മേഖലയിൽ തുടരെത്തുടരെ ഉണ്ടാകുന്ന ഭൂകമ്പങ്ങൾ ഡാമിന് എത്രത്തോളം ബലക്ഷയമുണ്ടാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് പഠനം നടന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

(സി) ഡാമിന്റെ അടിത്തട്ടിൽ വൻവിള്ളൽ രൂപപ്പെട്ടിട്ടുള്ളതായി ഏതെങ്കിലും റിപ്പോർട്ട് ലഭിക്കുകയോ ശ്രദ്ധയിൽപ്പെടുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ഡി) പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളും ഇക്കാര്യത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികളെയും കുറിച്ചുള്ള വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>മൃഗശാലകളുടെ വിപുലീകരണം</u>

*512 ശ്രീ. വര്‍ക്കല കഹാര്‍
'' ജോസഫ് വാഴക്കന്‍
,, പി. എ. മാധവന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളുടെ വിപുലീകരണത്തിന് എന്തെല്ലാം കര്‍മ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്രസംഘം നിര്‍ദ്ദേശങ്ങള്‍ നല്‍കിയിട്ടുണ്ടോ എങ്കില്‍ വിശദമാക്കുമോ;

(സി) നിര്‍ദ്ദേശത്തില്‍ പറഞ്ഞിട്ടുള്ള പ്രധാന കാര്യങ്ങള്‍ എന്തെല്ലാം ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

കേന്ദ്ര സഹായം ലഭിച്ച ടൂറിസം വികസന പദ്ധതികൾ

*513 ശ്രീ. കെ. രാധാകൃഷ്ണൻ
ഡോ ടി. എം. തോമസ് ഐസക്
ശ്രീ. പുരുഷൻ കടലുണ്ടി
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ടൂറിസം വകുപ്പിൽ നിന്നും കേന്ദ്രാനുമതിയ്ക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്ക പ്പെട്ടിരുന്ന പദ്ധതികൾ ഏതൊക്കെയായിരുന്നു;

(ബി) 2011-12 വർഷത്തിൽ കേന്ദ്ര സഹായത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണ് ; പ്രസ്തുത പദ്ധതികൾക്കായി മൊത്തം എന്തു തുക ലഭിക്കുകയുണ്ടായി ;

(സി) 2011-12 ൽ കേന്ദ്ര ടൂറിസം വകുപ്പിൽ നിന്നും അനുമതി ലഭിച്ച പദ്ധതികളിൽ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ പദ്ധതികൾ എത്ര ; ഏതെങ്കിലും പദ്ധതികൾക്ക് അനുമതി നൽകാൻ അവശേഷിക്കുന്നുണ്ടോ;

(ഡി) അനുമതി നൽകിയ പദ്ധതികളുടെ ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തവ ഏതെല്ലാമാണെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>നഴ്സ് രോഗി അനുപാതം</u>

*514 ശ്രീ. എസ്. ശര്‍മ്മ
'' പി. റ്റി. എ. റഹീം
,, ബി. സത്യന്‍
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളിലെ നഴ്സ് രോഗി അനുപാതത്തില്‍ മാറ്റം വരുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവില്‍ സര്‍ക്കാരിന്റെ വിവിധ ആശുപത്രികളിലായി ഏതെല്ലാം ഗ്രേഡുകളില്‍ എത്ര നേഴ്സുമാര്‍ ജോലി ചെയ്തു വരുന്നുണ്ടെന്ന് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തില്‍ വിശദമാക്കാമോ ;

(സി) നിലവില്‍ എത്ര ഒഴിവുകള്‍ പി.എസ്.സി.ക്ക് റിപ്പോര്‍ട്ടു ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ എംപവേർഡ് കമ്മിറ്റി</u>

*515 ശ്രീ. എസ്. രാജേന്ദ്രൻ
'' എ. കെ. ബാലൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നിയോഗിച്ചിട്ടുളള എംപവേർഡ് കമ്മിറ്റിയുടെ മുമ്പാകെ പുതിയ ഡാം കെട്ടുന്നതിനുളള പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വളിപ്പെടുത്താമോ ;

(ബി) ഇതനുസരിച്ച് പുതിയ ഡാം നിർമ്മിക്കുന്നതിനും, പൂർത്തീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഒരു പ്രത്യേക അതോറിറ്റിയെ നിയോഗിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇതിന്റെ ചെലവിനായി എത്ര കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുളളത്; എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>എല്ലാ ബ്ലോക്ക് പഞ്ചായത്തിലും സ്പെഷ്യാലിറ്റി വിഭാഗങ്ങളോടുകൂടിയ ചികിത്സാ സൗകര്യം</u>

*516 ശ്രീ. കെ.കെ. നാരായണൻ
'' ബി. സത്യൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ബ്ലോക്ക് പഞ്ചായത്തിലും ഒരു ആശുപത്രിയിലെങ്കിലും ജനറൽമെഡിസിൻ, ഗൈനക്കോളജി, സർജറി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളോടുകൂടിയ ചികിത്സാസൗകര്യം ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടിരുന്നോ; ലക്ഷ്യം പൂർത്തീകരിച്ചോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയിൽ എത്ര ആശുപത്രികൾ വിപുലീകരിച്ചു; 2012 മാർച്ച് 31 വരെ അതിന് ചെലവഴിച്ച തുക എത്രയെന്നറിയിക്കുമോ;

(സി) പ്രസ്തുത പരിപാടി പൂർത്തീകരിക്കാനായി ഇനി എന്ത് തുക കൂടി വേണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ ബജറ്റിൽ എന്ത് തുക നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള പഠനം</u>

*517 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധാരണയായി കണ്ടുവരുന്ന ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ രോഗങ്ങളാണ് പ്രാധാന്യമർഹിക്കുന്നതെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ജീവിതസാഹചര്യങ്ങളും, ശീലങ്ങളും, ഉപഭോഗവസ്തുക്കളുമാണ് ഇത്തരം രോഗങ്ങൾക്കുള്ള അടിസ്ഥാന കാരണങ്ങളെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അവയെക്കുറിച്ച് പൊതുവായ ബോധവത്ക്കരണത്തിന് ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) സ്കൂൾതലത്തിൽ കുട്ടികൾക്കിടയിൽ ഇതെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ ധാരണകളും കരാറുകളും</u>

*518 ശ്രീ. എ.കെ. ബാലൻ
'' കോടിയേരി ബാലകൃഷ്ണൻ
'' പി. ശ്രീരാമകൃഷ്ണൻ
'' ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം, ഫീസ് തുടങ്ങിയ കാര്യങ്ങളിൽ വിവിധ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി ഏറ്റവും ഒടുവിൽ ഉണ്ടാക്കിയ ധാരണകളും അതിന്റെ അടിസ്ഥാനത്തിലുള്ള കരാറുകളും വിശദമാക്കാമോ; ഈ വർഷം ഉണ്ടായ കരാറുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രവേശനവും ഫീസും സംബന്ധിച്ച് സുപ്രീം കോടതി അവസാനമായി പുറപ്പെടുവിച്ച വിധിന്യായത്തിൽ നിന്നും സർക്കാർ പുറപ്പെടുവിച്ചിരുന്ന ഉത്തരവിൽ നിന്നും എന്തെല്ലാം നിലയിലുള്ള മാറ്റങ്ങളോടും വൈരുദ്ധ്യങ്ങളോടും കൂടിയാണിപ്പോൾ മാനേജ്മെന്റുകളുമായി ധാരണയായ കരാറുകളിലെ വ്യവസ്ഥകൾ എന്ന് അറിയിക്കുമോ; പുതിയ കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാർ വീണ്ടും ഉത്തരവിറക്കേണ്ടതായി വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ വർഷത്തെ പ്രവേശനവും ഫീസും മറ്റ് വ്യവസ്ഥകളും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; പ്രിവിലേജ് സീറ്റുകൾ എത്ര;

(ഡി) നിലവിലുള്ള കോടതി വിധിയും സർക്കാർ ഉത്തരവുകളും കരാറുകളിലെ വ്യവസ്ഥകളും അംഗീകരിക്കാത്ത സ്വാശ്രയ കോളേജുകൾ ഏതൊക്കെയാണ്?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>അസംഘടിതമേഖലയിലെ തൊഴിലാളികൾക്കും കുടിയേറ്റത്തൊഴിലാളികൾക്കും ക്ഷേമനിധി</u>

*519 ശ്രീ. പാലോട് രവി
'' കെ. മുരളീധരൻ
,, എം. പി. വിൻസെന്റ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളേയും കുടിയേറ്റ തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇവർക്ക് സംരക്ഷണം നൽകുന്നതിനായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ആയുർവ്വേദ ഔഷധ നിർമ്മാണരംഗത്ത് ഔഷധിയുടെ പങ്ക്</u>

*520 ശ്രീ. വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ആയുർവ്വേദ ഔഷധ നിർമ്മാണ രംഗത്ത് ഔഷധിയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഔഷധിയുടെ വിറ്റുവരവിലും ലാഭത്തിലും എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) നിലവിൽ ഔഷധിയുടെ ഉൽപന്നങ്ങൾ ആർക്കൊക്കെയാണ് ലഭ്യമാക്കിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) സർക്കാർ ആയൂർവ്വേദ ആശുപത്രികളിലെ ഡിസ്പെൻസറികളിൽ വിലക്കുറവിൽ മരുന്നുകൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

ഐ.റ്റി.ഐ കളിൽ വെർച്ച്വൽ ക്ലാസ്സ് റൂം

*521 ശ്രീ. എ.റ്റി. ജോർജ്
'' അൻവർ സാദത്ത്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഐ കളിൽ വെർച്ച്വൽ ക്ലാസ്സ് റൂമുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്;

(ഡി) ആദ്യ ഘട്ടത്തിൽ എത്ര ഐ.ടി.ഐ കളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ</u>

*522 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. എ. നെല്ലിക്കുന്ന്
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ സ്കൂളുകളിലുമായി ആകെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫ് പാറ്റേൺ</u>

*523 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫ് പാറ്റേൺ അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണ്; ജനസംഖ്യാനുപാതികമായി സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ;

(ബി) ഫീൽഡ് വിഭാഗം ജീവനക്കാരുടെ അനുപാതം ജനസംഖ്യയ്ക്ക് ആനുപാതികമായി അല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലാണ് ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും, ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും പോസ്റ്റുകൾ നിലവിലില്ലാത്തത്; ഈ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>വയോജന ക്ലിനിക്കുകൾ</u>

*524 ശ്രീ. ലൂഡി ലൂയിസ്
'' കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരൻമാരുടെ ആരോഗ്യസംരക്ഷണത്തിനായി സർക്കാർ ആശുപത്രികളിൽ വയോജന ക്ലിനിക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ക്ലിനിക്കുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് വയോജനങ്ങൾക്ക് ലഭിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ഗാർഹിക തൊഴിലാളികളുടെ ക്ഷേമം</u>

*525 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികളെ ഭൃത്യരായിട്ടല്ലാതെ തൊഴിലാളികളായി കണക്കാക്കണമെന്ന അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനവും മെച്ചപ്പെട്ട സാഹചര്യവും സജ്ജമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ ഇവരെ ചൂഷണത്തിന് വിധേയരാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>കുറഞ്ഞ ചെലവിൽ കുഴൽ കിണറുകൾ നിർമ്മിക്കാൻ പദ്ധതി</u>

*526 ശ്രീ. ഇ.കെ. വിജയൻ
'' വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഭൂഗർഭ ജല വകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്;

(ബി) മണലും, പാറയുമുള്ള പ്രദേശങ്ങളിലും, തീരപ്രദേശങ്ങളിലും മറ്റും കുഴൽ കിണറുകൾ കുഴിക്കുന്നതിന് വകുപ്പിന്റെ കീഴിൽ സംവിധാനങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം ഉപകരണങ്ങൾ ഓരോ ജില്ലയിലും ഉണ്ടെന്ന് വ്യക്തമാക്കുമോ?

(സി) കുറഞ്ഞ ചെലവിൽ കുഴൽ കിണറുകൾ നിർമ്മിച്ചു നൽകുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

വയനാട് ജില്ലയിൽ ആധുനിക ചികിത്സാ കേന്ദ്രം

*527 ശ്രീമതി. കെ. കെ. ലതിക
ശ്രീ. ഇ. പി. ജയരാജൻ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചികിത്സാ സൗകര്യങ്ങളുടെ അഭാവത്തിൽ വയനാട് ജില്ലയിൽ ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റെ നിലവാരത്തിലുള്ള ആധുനിക ചികിത്സാ കേന്ദ്രം സ്ഥാപിക്കാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിനാവശ്യമായ പദ്ധതി റിപ്പോർട്ടു തയ്യാറാക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടോ ; ഇതിന് എന്തു തുക ചെലവ് കണക്കാക്കിയിട്ടുണ്ട് ; ഇത് നടപ്പിലാക്കാൻസ്പെഷ്യൽ ആഫീസറെ നിയോഗിച്ചിട്ടുണ്ടോ ;

(സി) ഇത് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം എത്രയാണെന്നും അത് എവിടെയാണ് ലഭ്യമാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) 2011-12 വർഷത്തിൽ ഈ ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതിനായി എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു; ഇതിൽ എത്ര രൂപ ചെലവഴിക്കുകയുണ്ടായി ;

(ഇ) ആധുനിക ചികിത്സാകേന്ദ്രം എന്ന് നിലവിൽ വരും; നിലവിലെ ബഡ്ജറ്റിൽ ഇതിനായി വകയിരുത്തപ്പെട്ട തുക എത്രയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കാവേരി നദിയിൽ നിന്നുള്ള ജലവിഹിതം</u>

*528 ശ്രീ. എ.കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജലതർക്കവുമായി ബന്ധപ്പെട്ട ട്രൈബ്യൂണലിന്റെ അന്തിമവിധി പ്രകാരം കേരളത്തിന് എത്ര റ്റി.എം.സി. ജലം അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ട്രൈബ്യൂണലിന്റെ വിധിപ്രകാരം അനുവദിക്കപ്പെട്ട ജലം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി ജലസേചന വകുപ്പിന്റെ ഭാഗത്തുനിന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

<u>സമഗ്ര തൊഴിൽ നയം</u>

*529 ശ്രീ. സി. എഫ്. തോമസ്
'' തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗം തൊഴിലാളികൾക്കും ഗുണകരമാകുന്ന സമഗ്ര തൊഴിൽ നയം നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഗുണകരമാകുന്ന നിലയിൽ പുതിയ തൊഴിൽ നയം രൂപപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

ജന്മനാ വൈകല്യമുള്ള കുട്ടികളെ കണ്ടെത്തുവാനും ചികിത്സിക്കുവാനും പദ്ധതി

*530 ശ്രീ. അൻവർ സാദത്ത്
,, വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യവും ജന്മനായുള്ള മറ്റ് ആശയവിനിമയ സംബന്ധമായ തകരാറുകളും കാരണം അവശതയനുഭവിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും എന്തെല്ലാം ചികിത്സാ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(ബി) നിലവിൽ ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളാണ് ഇവർക്കുള്ള ധനസഹായം നൽകിവരുന്നത് ;

(സി) ധനസഹായത്തിനായി ദേശീയ ഗ്രാമീണ ആരോഗ്യമിഷന്റെയും മറ്റ് കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുടെയും സഹകരണം തേടുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ജന്മനാ വൈകല്യമുള്ള കുട്ടികളെ കണ്ടെത്തുവാനും ചികിത്സിക്കുവാനും ഉള്ള ഒരു പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ജല മാനേജ്മെന്റ് പ്രവർത്തനം</u>

*531 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസുകളുടെ സംരക്ഷണത്തിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(ബി) ജല മാനേജ്മെന്റ് പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കാൻസർ, ഹൃദ്രോഗം, വൃക്ക രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ പ്രത്യേക പദ്ധതി</u>

*532 ശ്രീ. വി. ചെന്താമരാക്ഷൻ
'' കെ. രാധാകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ, ഹൃദ്രോഗം, വൃക്ക രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമെന്ന് സപ്തധാര പദ്ധതിയിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കിയതെന്നും ഇതുമൂലം എത്ര രോഗികൾക്ക് ആശ്വാസം നൽകാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് മേൽപ്പറഞ്ഞ രീതിയിലുള്ള രോഗങ്ങൾ ഉള്ളവരുടെ എണ്ണം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>കുടിവെള്ള പ്രശ്നങ്ങൾ</u>

*533 ശ്രീ. എം. ചന്ദ്രൻ
'' എം. എ. ബേബി
,, ബി. ഡി. ദേവസ്സി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന കുടിവെള്ള പ്രശ്നങ്ങളും ശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പിലെ ഗുരുതരമായ കാലതാമസവും വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിയമസഭയ്ക്ക് നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് എന്തു തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## മരുന്നുകളുടെ പാര്‍ശ്വഫലങ്ങള്‍

*534

ശ്രീ. എന്‍. എ. നെല്ലിക്കുന്ന്
,, എന്‍. ഷംസുദ്ദീന്‍
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ചികിത്സാരംഗത്ത് ഉപയോഗിക്കപ്പെടുന്ന മരുന്നുകള്‍ രോഗികളില്‍ ഉണ്ടാക്കുന്ന പാര്‍ശ്വഫലങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പിന്റെ കീഴില്‍ എന്തെങ്കിലും പഠനം നടക്കുന്നുണ്ടോ;

(ബി) ചില രോഗങ്ങള്‍ക്ക് ഉപയോഗിക്കുന്ന മരുന്നുകള്‍ മറ്റു ചില ശരീരാവയവങ്ങള്‍ക്ക് കേടുവരുത്തുന്നതായ സംഭവങ്ങള്‍ ഏതെങ്കിലും പഠനങ്ങളില്‍ വെളിപ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) മരുന്നുകളുടെ പാര്‍ശ്വഫലങ്ങളെക്കുറിച്ച് രോഗികളെ ബോധവാന്മാരാക്കുന്നതിനും സ്വീകരിക്കേണ്ട മുന്‍കരുതലുകളെക്കുറിച്ച് അറിവു നല്‍കുന്നതിനും ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

തദ്ദേശ സ്ഥാപനങ്ങൾ മുഖേന പട്ടികജാതിക്കാർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ

*535 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
'' കെ. എം. ഷാജി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്താറുണ്ടോ;

(ബി) എങ്കിൽ ഏറ്റവും ഒടുവിൽ വിലയിരുത്തൽ നടത്തിയത് എപ്പോഴാണ്; അതിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങൾ വകമാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

(ഡി) പദ്ധതിക്കായി 2010-11, 2011-12 എന്നീ വർഷങ്ങളിൽ എന്ത് തുക നല്കി എന്നും എന്ത് തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>എല്ലാ ജില്ലയിലും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ</u>

*536 ശ്രീ. ബാബു എം. പാലിശ്ശേരി
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, രാജു എബ്രഹാം
ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) അതിനായി എത്ര തുകയാണ് നീക്കി വെച്ചിരുന്നത്; 2012 മാർച്ച് 31 വരെ അതിൽ എത്ര തുക ചെലവഴിച്ചു എന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി ലക്ഷ്യം നേടിയോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

കോക്ലിയർ ഇംപ്ലാന്റ് സർജറിക്ക് റീ ഇംപേഴ്സ്മെന്റ്

*537

ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ബധിര-മൂകരായ കുട്ടികൾക്കുളള കോക്ലിയർ ഇംപ്ലാന്റ് സർജറിയ്ക്ക് 2-2-2012 ൽ സർക്കാർ ഉത്തരവിലൂടെ വായ്പാ അനുമതി നൽകിയെങ്കിലും മെഡിക്കൽ റീ ഇംപേഴ്സ്മെന്റിന് അനുമതി നല്കിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2-2-2012 ന് മുമ്പ് ഇത്തരം സർജറിക്കായി പലിശരഹിത വായ്പ എടുത്ത സർക്കാർ ജീവനക്കാരുടെ വായ്പാ തിരിച്ചടവിനെ ഏതു തരത്തിലാണ് ഈ ഉത്തരവ് ബാധിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കോക്ലിയർ ഇംപ്ലാന്റ് സർജറിയ്ക്ക് പലിശരഹിത വായ്പ എടുത്ത സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

ശബരിമല തീർത്ഥാടനം

*538 ശ്രീ. മോൻസ് ജോസഫ്
'' സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത ശബരിമല തീർത്ഥാടനം സുഗമമായി നടത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് മുൻകൂട്ടി ചെയ്യാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ശബരിമല തീർത്ഥാടനത്തിനെത്തുന്ന അയ്യപ്പൻമാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഇടത്താവളങ്ങളിലും മറ്റ് പ്രധാന കേന്ദ്രങ്ങളിലും ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>സീറോ വേസ്റ്റ് ശബരിമല പദ്ധതി</u>

*539 ശ്രീ. സി.കെ. സദാശിവൻ
'' ജി. സുധാകരൻ
,, രാജു എബ്രഹാം
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2011-12 ബജറ്റിൽ പ്രഖ്യാപിച്ച സീറോ വേസ്റ്റ് ശബരിമല പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയായി കഴിഞ്ഞുവോ; എങ്കിൽ പദ്ധതി അവലോകനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിക്കായി ഇനി എന്ത് തുക കൂടി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; എന്ത് തുക 2012-13 ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്; ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## ജോബ് /പ്ലേസ്മെന്റ് പോർട്ടൽ

*540

ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ പരിശീലന വകുപ്പിന്റെ ജോബ്/പ്ലേസ്മെന്റ് പോർട്ടൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഐ റ്റി. ഐ. കളിൽ നിന്നും സർട്ടിഫിക്കറ്റ് നേടിയവർക്ക് ഇതിന്റെ ഗുണങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 27.

**കേരള നിയമസഭ**

**06.07.2012-ലെ മറുപടിക്ക്**